

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി IX

(SUBJECT COMMITTEE IX)

(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

(LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5) -ാം ഉപചട്ടപ്രകാരമുള്ളത്]

2026 ഒക്ടോബർ 26-ാം തീയതി സമർപ്പിച്ചത്

(Presented on 26th October 2026)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2026

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി IX

(SUBJECT COMMITTEE IX)

(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

(LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236 - ാം ചട്ടത്തിന്റെ (5) -ാം ഉപചട്ടപ്രകാരമുള്ളത്]

ഉള്ളടക്കം

പേജ്

സമിതിയുടെ ഘടന – v

അവതാരിക – vii

റിപ്പോർട്ട് – 1

സബ്ജക്ട് കമ്മിറ്റി IX
(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)
(2026-2028)

ഘടന

ചെയർപേഴ്സൺ :

ശ്രീ. കെ. എം. ഷാജി,
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. മോൻസ് ജോസഫ്,
ജലവിഭവ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി.

അംഗങ്ങൾ:

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. എം. ആർ. ബൈജു

ശ്രീ. ദീപക് ജോയ്

ശ്രീമതി. ഗീതാ ഗോപി

ശ്രീ. ടി. ഒ. മോഹനൻ

ശ്രീ. ടി. എം. ശശി

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ടോണി ചമ്മണി

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി- ഇൻ-ചാർജ്ജ്

ശ്രീമതി ഷബാന അഞ്ജും, അഡീഷണൽ സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മീര ജി. എസ്., അണ്ടർ സെക്രട്ടറി

അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അഞ്ചാമത് റിപ്പോർട്ട് 2025 മാർച്ച് 3-ാംതീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി പത്രികകൾ സമിതിയുടെ 19.08.2026 - തീയതിയിലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും രണ്ടാം ഭാഗത്തിൽ മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ വിവരങ്ങളും, ഉൾപ്പെടുത്തിയിരിക്കുന്നു.

2026 ഒക്ടോബർ മാസം 26-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. എം. ഷാജി,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി IX.

തിരുവനന്തപുരം,
2026 ഒക്ടോബർ 26

റിപ്പോർട്ട്

ഭാഗം-1

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും

ശിപാർശ

2216-80-001-99- ഹൗസിംഗ് കമ്മീഷണർ

06- വാടക, കരം നികുതി

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ കെട്ടിടത്തിൽ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന കാര്യാലയത്തിന്റെ ഓഫീസ് സ്ഥലത്തിന് 9,97,344 രൂപ ആവശ്യമായി വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പറമേ മേൽ ശീർഷകത്തിൽ 8.774 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

ശിപാർശ ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചപ്പോൾ പ്രസ്തുത ശിർഷകത്തിൽ നിന്നും നടപ്പ് വർഷം തുകയൊന്നും വിനിയോഗിച്ചതായി കാണാത്തതിനാൽ പദ്ധതി നിർവ്വഹണ പുരോഗതിയുടെ അടിസ്ഥാനത്തിൽ നടപ്പ് വർഷത്തെ വിഹിതം തീരുന്ന മുറയ്ക്ക് ധനപുന:വിനിയോഗ ശിപാർശ ലഭ്യമാക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു. 2216-80-001-99-00-06-0 NV Rent, Rates and Taxes ശീർഷകത്തിൽ 2025-2026 ബജറ്റിൽ 1,20,000/- രൂപയാണ് അനുവദിച്ചിരുന്നത്. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ശാന്തിനഗറിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടി കാര്യാലയത്തിന് വാടക ഇനത്തിൽ 9,97,344/- രൂപ (83112x12) ആവശ്യമായി വരും എന്നതിനാലാണ് 8,77,344/-രൂപ അധികമായി ആവശ്യപ്പെട്ടിരുന്നത്. എന്നാൽ 18.03.2026 തീയതിയിലാണ് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡുമായി വാടക കരാറിൽ ഏർപ്പെട്ടത്. വർഷാന്ത്യത്തിലായതിനാൽ തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നം.HSG-A4/70/2025-HSG തീയതി 30.06.2026)

ശിപാർശ

2216-80-103-99- സംസ്ഥാന ഹൗസിംഗ് ബോർഡ്

01- സഹായധനം

36- സഹായധനം-ശമ്പളേതരം

സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസുകൾ, ജില്ലകളിലെ ഡിവിഷൻ ഓഫീസുകൾ എന്നിവയിലേക്ക് ശമ്പളേതര ആവശ്യങ്ങൾക്കും, ഭരണപരമായ ചെലവുകൾക്കുമായി വകയിരുത്തിരിക്കുന്ന തുകയിൽ നിന്നും Contingent Expense -ൽ ഉൾപ്പെടുന്ന ഇലക്ട്രിസിറ്റി ചാർജ്, വാട്ടർ ചാർജ്, ലീഗൽ ചാർജ്ജസ്, കെട്ടിട നികുതി എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5.1435 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി-പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി മതിയായ വിഹിതം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശ പരിശോധിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു.

എന്നാൽ 2025-26 സാമ്പത്തിക വർഷം 2216-80-103-99-01-36 ശീർഷകത്തിൽ അകെ 75.3426 കോടി രൂപ അധിക ധനാനുമതി (75 കോടി രൂപ) ഉൾപ്പെടെ റിലീസ് ചെയ്ത് നൽകിയിരുന്നെങ്കിലും ആയതിൽ 75 കോടി രൂപ മൈത്രി ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ദുർബലവിഭാഗക്കാരുടെ കുടിശ്ശിക എഴുതിത്തള്ളിയ വകയിൽ സർക്കാരിൽ നിന്നും അനുവദിച്ചതും 34.26 ലക്ഷം രൂപ ഗ്രാന്റ് അയി അനുവദിച്ചതുമായിരുന്നു.

(സർക്കാർ കത്ത് നം.HSG-A4/70/2025-HSG തീയതി 30.06.2026)

ശിപാർശ

2216-80-103-99- സംസ്ഥാന ഹൗസിംഗ് ബോർഡ്

02- വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവന നിർമ്മാണം

പത്രപ്രവർത്തകർക്ക് ഭവന നിർമ്മാണത്തിന് സബ്സിഡി അനുവദിക്കുന്നതിനായുള്ള പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് നിലവിൽ ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

ഗുണഭോക്താക്കളുടെ എണ്ണം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സഹിതം സമർപ്പിക്കുന്ന ഉചിത ശിപാർശ പരിശോധിച്ച് തുക അനുവദിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. ഗുണഭോക്താക്കളുടെ രേഖകൾ അന്തിമമാക്കി ശിപാർശ സമർപ്പിച്ചിരുന്നില്ല. എന്നതിനാൽ ശിർഷകത്തിൽ അധിക ധനാനുമതിയിലൂടെ തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം.HSG-A4/70/2025-HSG തീയതി 30.06.2026)

ശിപാർശ

2216-80-103-99- സംസ്ഥാന ഹൗസിംഗ് ബോർഡ്

09- മൈത്രി ഭവന പദ്ധതി

ഭവനനിർമ്മാണ ബോർഡിന്റെ തനത് പദ്ധതികൾ നടപ്പിലാക്കുവാനും, നിലവിലെ ബോർഡിന്റെ കെട്ടിടങ്ങളിൽ അറ്റകുറ്റ പണികൾ നടത്തുന്നതിനും, ബോർഡിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് പെൻഷൻ അനുകൂല്യങ്ങൾ നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 180.32 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

മൈത്രി ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ദുർബലവിഭാഗക്കാരുടെ കുടിശ്ശിക എഴുതിത്തള്ളിയ വകയിൽ സർക്കാരിൽ നിന്നും ബോർഡിന് ലഭിക്കാനുള്ള തുകയിൽ 75 കോടി രൂപ 2025-26 സാമ്പത്തിക വർഷം 2216-80-103-99-01-36 എന്ന ശീർഷകത്തിൽ അനുവദിക്കുകയും അത് IBDS മുഖേന അധിക ധനാനുമതിയിലൂടെ റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നം.HSG-A4/70/2025-HSG തീയതി 30.06.2026)

ശിപാർശ

2216-80-103-99- സംസ്ഥാന ഹൗസിംഗ് ബോർഡ്

38- ടെയിനിംഗ് പ്ലാൻ

ഭവനനിർമ്മാണ ബോർഡിന്റെ ഹെഡ് ഓഫീസ് നവീകരണത്തിനും ഐ.ടി.സെൽ വിപുലീകരണത്തിനുമായി ബജറ്റിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.50 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

പദ്ധതി നിർവ്വഹണ പുരോഗതിയുടെയും ബജറ്റ് വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ നിലവിലുള്ള ഘടകങ്ങളുമായി ബന്ധപ്പെട്ട് അധിക വിഹിതം ആവശ്യമായി വരുന്ന പക്ഷം സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്നത് പരിഗണിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു.

2025-26-ൽ 232 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയതിൽ 46.20 ലക്ഷം രൂപ റിലീസ് ചെയ്തിരുന്നു. അതിൽ 16.64 ലക്ഷം രൂപ resume ചെയ്തിരുന്നു. അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നം.HSG-A4/70/2025-HSG തീയതി 30.06.2026)

ശിപാർശ

4216-80-201-97 – ആശ്വാസ് വാടക ഭവന പദ്ധതി

കണ്ണൂർ, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്ന ആശ്വാസ് വാടക വീട് പദ്ധതിയുടെ തുടർനടത്തിപ്പിനായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷം 4216-80-201-97 ശീർഷകത്തിൽ ആശ്വാസ് വാടക വീട് പദ്ധതിക്കായി 665.88 ലക്ഷം രൂപ അധിക ധനാനുമതിയിലൂടെ റിലീസ് ചെയ്ത് ലഭിച്ചിരുന്നു. ടി തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.HSG-A4/70/2025-HSG തീയതി 30.06.2026)

ശിപാർശ

4216-80-800-94 – എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി

2025-06 സാമ്പത്തിക വർഷം എം.എൻ.സുവർണ്ണഭവനം പദ്ധതിയ്ക്കും എം.എൻ.നവയുഗ പദ്ധതിയ്ക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 13 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

ഗുണഭോക്താക്കളുടെ എണ്ണം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സഹിതം സമർപ്പിക്കുന്ന ഉചിത ശിപാർശ പരിശോധിച്ച് തുക അനുവദിക്കുന്നത് പരിഗണിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു.

തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതം ആകാത്ത സാഹചര്യത്തിൽ പദ്ധതിയുടെ ഗുണഭോക്തൃവിഹിതവും സ്പോൺസർ വിഹിതവും പുനർനിർണ്ണയിച്ച് ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചത് വർഷാവസാനമായതിനാൽ മതിയായ അപേക്ഷ ലഭ്യമാക്കി സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുവാനായി തുക അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നം.HSG-A4/70/2025-HSG തീയതി 30.06.2026)

ശിപാർശ

6216-80-800-86 – മുതിർന്ന പൗരന്മാരുടെ വീടുകൾക്കായി കെ.എസ്.എച്ച്.ബി.-ക്ക് വായ്പ

സീനിയർ സിറ്റിസൺ ഹോംസ് പദ്ധതിയുടെ പ്രഥമ ഘട്ടം നടപ്പിലാക്കുന്നതിനായി 16 കോടി രൂപ ആവശ്യപ്പെട്ടതിൽ 5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധന, ഉയർന്ന പ്രവർത്തന ചെലവ് എന്നിവ പരിഗണിച്ച് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തി പദ്ധതി സമഗ്രമായി നടപ്പിലാക്കുന്നതിന് മേൽശീർഷകത്തിൽ 11 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷം 500 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും തൃശ്ശൂർ മുളങ്കുന്നത്തുകാവിൽ പദ്ധതി നടപ്പിലാക്കുവാനായുള്ള ശിപാർശ സർക്കാർ പരിഗണിക്കുകയും ചെയ്തു. ഒരു ഘട്ടത്തിനായി 9.10 കോടി രൂപയുടെ ഭരണാനുമതി തേടിയാണ് ശിപാർശ സമർപ്പിച്ചത്. ബാക്കി തുക ലഭ്യമാകുവാനുള്ള സാധ്യത പരിശോധിച്ച് ശിപാർശ ലഭ്യമാകുന്ന പക്ഷം ലോൺ ഹെഡിൽ വകയിരുത്തിയിരുന്ന 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുന്നത് പരിഗണിക്കാവുന്നതാണ് എന്ന് വർക്കിംഗ് ഗ്രൂപ്പ് തീരുമാനിച്ചുവെങ്കിലും പുതുക്കിയ പ്രൊപ്പോസൽ ലഭ്യമായില്ല.

(സർക്കാർ കത്ത് നം.HSG-A4/70/2025-HSG തീയതി 30.06.2026)

ശിപാർശ

4216-80-201-94 – കോഴിക്കോട് സ്ഥിതി ചെയ്യുന്ന കേരള ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിലുള്ള വസ്തുവിൽ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ്

2020-21 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ് ഭവന പദ്ധതിയുടെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. ആയതിന്റെ ബിൽ പേയ്മെന്റിനായി ഭരണാനുമതി ലഭിച്ച നാല് കോടി രൂപയിൽ നിന്നും ബാക്കി നിൽക്കുന്ന 2.6543 കോടി രൂപ മേൽ ശീർഷകത്തിൽ വകയിരുത്തമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

2025-06 സമ്പത്തിക വർഷം 4216-80-201-94 ശീർഷകത്തിൽ ഫ്ലാറ്റ്/ക്വാർട്ടേഴ്സ് ഭവന പദ്ധതിക്കായി 230.11 ലക്ഷം രൂപ അധിക ധനാനുമതിയിലൂടെ റിലീസ് ചെയ്ത് ലഭിച്ചിരുന്നു. ടി തുകയിൽ 16.69 ലക്ഷം രൂപയൊഴിച്ച് ബാക്കി തുക വിനിയോഗിച്ചിട്ടുണ്ട്. 16.69 ലക്ഷം രൂപ resume ചെയ്തിരുന്നു.

(സർക്കാർ കത്ത് നം.HSG-A4/70/2025-HSG തീയതി 30.06.2026)

സബ്ജക്ട് കമ്മിറ്റി IX (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)-ൽ ഉൾപ്പെടുത്തിയിരുന്ന ന്യൂനപക്ഷക്ഷേമം, പതിനാറാം കേരള നിയമസഭയുടെ 23.06.2026 ലെ ബുള്ളറ്റിൻ - ഭാഗം 2 നം. 24 പ്രകാരം സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)ലേയ്ക്ക് മാറ്റിയിരിക്കുന്നതിനാൽ, 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട ശിപാർശ ഖണ്ഡികകൾ (21 മുതൽ 24 വരെ) സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)ലേയ്ക്ക് കൈമാറിനൽകിയിരിക്കുന്നു.

ഭാഗം – II

സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ധനാഭ്യർത്ഥന നം.	ശിപാർശ / ഖണ്ഡിക നം	വകുപ്പ്
XXI	1,2,10	പൊതുമരാമത്ത് വകുപ്പ്
XXII	16 മുതൽ 20 വരെ	തദ്ദേശസ്വയംഭരണ വകുപ്പ്
XXXV	25 മുതൽ 51 വരെ	തദ്ദേശസ്വയംഭരണ വകുപ്പ്

സർക്കാരിൽ നിന്നും പുതുക്കിയ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ട ശിപാർശകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ധനാഭ്യർത്ഥന നം.	ശിപാർശ / ഖണ്ഡിക നം	വകുപ്പ്
XXI	4,5,11	ഭവനനിർമ്മാണ വകുപ്പ്

തിരുവനന്തപുരം,
26.10.2026.

ശ്രീ. കെ. എം. ഷാജി,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി IX.